**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**<u>വിജ്ഞാപനം</u>**

**<u>റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ് ടു ഇംപ്രൂവ്മെന്റ് മാർക്ക് സമർപ്പിക്കുന്നതിനും സമർപ്പിച്ച മാർക്കുകൾ പരിശോധിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനും അവസരം</u>**

2022 വർഷത്തെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ മാർക്ക് വിവരങ്ങൾ പരിശോധിക്കുന്നതിനും ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് ഉൾപ്പെടെ സമർപ്പിക്കുന്നതിനും പ്രസ്തുത വെബ്സൈറ്റിലൂടെ **30.08.2022 വൈകുന്നേരം 5.00** മണിവരെ അവസരം ഉണ്ടായിരിക്കുന്നതാണ്. (20.08.2022 ലെ സർക്കാർ ഉത്തരവ് നം .(സാധാ) 1260/2022/HEDN പ്രകാരം)

മേൽ വെബ്സൈറ്റിലെ **'KEAM-2022 Candidate Portal'** എന്ന ലിങ്ക് വഴി ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'+2 Marks Verification for Engineering'** എന്ന മെനു ഐറ്റം ക്ലിക്ക്ചെയ്ത ശേഷം രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, പഠിച്ച ബോർഡ്, പാസ്സായ വർഷം എന്നിവ വെബ് പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺക്ലിക്ക്ചെയ്തശേഷം **'Verified and found correct'**എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ളവർക്കും ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് കൂട്ടിച്ചേർക്കേണ്ടവർക്കും തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള **'Change Required'**എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തിരുത്തൽ ആവശ്യമില്ലാത്തവയ്ക്ക് നേരെ **No change** - ഉം മാർക്ക് ചെയ്ത് തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പി .ഡി.എഫ് ഫയൽ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ-മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ

മാർക്കുകൾ പരിശോധനാ വേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ് പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേ പടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവെയ്ക്കുന്നതാണ്.

**30.08.2022 വൈകുന്നേരം 5.00 മണിക്കുള്ളിൽ** ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2022 ലെ എഞ്ചിനിയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും , തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, പാസായ വർഷം, പഠിച്ച ബോർഡ് എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുകയും അത് കാരണം യഥാർത്ഥത്തിൽ ലഭിക്കേണ്ടതിനേക്കാൾ മികച്ച റാങ്ക് ലഭിച്ചതായും കണ്ടെത്തുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതും കൂടാതെ റാങ്ക് അസാധുവായതിനാൽ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ പുറത്താക്കപ്പെടുകയും ചെയ്യുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.24 18:48:07 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**24/08/2022**